അടിയന്തിരം

UGC CELL 2/22139/2021/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം.
തീയതി: 12.09.2022

**സർക്കുലർ**

വിഷയം:- കോ.വി.വ- യു.ജി.സി സെൽ- യു.ജി.സി 2018 റെഗുലേഷൻ കാലയളവിലെ ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകരുടെ പ്രൊഫസ്സർ പ്ലെയ്സ്മെൻറ് പ്രൊപ്പോസൽ സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1)ജി.ഒ(പി)നം.9/2021/ഉ.വി.വ തീയതി.20/02/2021 ലെ ഗവ.ഉത്തരവ്
2) 30.07.2022 തീയതിയിലെ സി3/97/2022/ഉന്നത വിദ്യാഭ്യാസ വകുപ്പ് നമ്പർ കത്ത്
3) UGC Professor Placement Guidelines Sept.2021
4) 28.08.2022 തീയതിയിലെ യു.ജി.സി സെൽ1/7200/22 നം. കുറിപ്പ്

**********

G.O(P) No.9/2021/HEDN തീയതി: 20.02.2021 പ്രകാരം സർക്കാർ/ സ്വകാര്യ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ യു.ജി.സി. റെഗുലേഷൻ 2018 അനുസരിച്ചുള്ള മാനദണ്ഡങ്ങളും, നിലവാരവും, നടപടിക്രമങ്ങളും കർശനമായി പാലിച്ചുകൊണ്ട് പ്രൊഫസർ തസ്തികയിലേക്ക് കരിയർ അഡ്വാൻസ്മെന്റ് പ്ലേസ്മെന്റ് അനുവദിക്കുന്നതിനു അനുമതി നൽകിയിട്ടുണ്ട്.

ടി സർക്കാർ ഉത്തരവിലെ നിർദ്ദേശമനുസരിച്ച് സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ഫിസിക്കൽ എഡ്യൂക്കേഷനിലെ അസോസിയേറ്റ് പ്രൊഫസർമാരിൽ യു.ജി.സി. റെഗുലേഷൻ 2018, 6.4 (B) IV ൽ പരാമർശിച്ചിട്ടുള്ള നിർദ്ദിഷ്ട യോഗ്യതയുള്ളവരിൽ നിന്നും യുജിസി ഏഴാം സ്കീം കാലയളവിൽ (18.07.2018 മുതൽ) കരിയർ അഡ്വാൻസ്മെൻറ് സ്കീം പ്രകാരം ഫിസിക്കൽ എഡ്യൂക്കേഷൻ പ്രൊഫസർ പ്ലേസ്മെൻറിന് അപേക്ഷ ക്ഷണിക്കുന്നു. **അപേക്ഷകർ സമർപ്പിക്കുന്ന, 14.06.2019 ന് ശേഷമുള്ള ഗവേഷണ പ്രബന്ധങ്ങൾ യു.ജി.സി കെയർ ലിസ്റ്റിൽ ഉൾപ്പെട്ടത് ആയിരിക്കണം. അതിന് മുൻപുള്ള പ്രബന്ധങ്ങൾ യു.ജി.സി ലിസ്റ്റഡ് / അംഗീകൃത peer reviewed ജേർണലുകളിലായിരിക്കണം. വ്യാജ ജേർണലുകളിലുള്ള പ്രബന്ധങ്ങൾ ഒഴിവാക്കാൻ അപേക്ഷകരും, ഐ.ക്യു.എ.സി യും പ്രത്യേകം ശ്രദ്ധിക്കണം.** സർക്കാർ എഞ്ചിനീയറിങ്, പോളിടെക്നിക്, ലോ, ആയുർവേദ, മെഡിക്കൽ കോളേജുകളിൽ ജോലി ചെയ്യുന്ന ഈ വകുപ്പിനു കീഴിലുള്ള ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകരുടെ പ്രൊഫസർ പ്ലേസ്മെൻറ് പ്രപ്പോസലുകൾ, അതാത് കോളേജ് പ്രിൻസിപ്പാൾ മുഖേന, സമീപ സ്ഥലത്തെ ഗവ.ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ I.Q.A.C. പരിശോധനക്ക് ശേഷം വേണം സമർപ്പിക്കേണ്ടത് .

പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ നിർദ്ദേശങ്ങളും, പ്രൊഫോർമയുടെയും, മറ്റ് ഫോമുകളുടെ മാതൃകയും **യു.ജി.സി പ്രൊഫസ്സർ പ്ലെയ്സ്മെൻറ് സെപ്തംബർ 2021 ഗൈഡ് ലൈൻസ് പ്രകാരം നൽകേണ്ടതാണ്.**

പ്ലേസ്മെൻറ് പ്രപ്പോസലിൻറെ അസൽ ഈ കാര്യാലയത്തിൽ ലഭിക്കേണ്ട അവസാന തീയതി 26.09.2022. പ്ലേസ്മെൻറ് പ്രപ്പോസലിൻറെ പകർപ്പ് E- mail (ugccelldce@gmail.com) മുഖേനയും സമർപ്പിക്കേണ്ടതാണ്.

Approval Valid

Digitally Approved By
വിഘ്നേശ്വരി വി ഐ.എ.എസ്സ്
Date: 12.09.2022
Reason: Approved

ഒപ്പ്/-
**വിഘ്നേശ്വരി വി ഐ.എ.എസ്സ്**
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1)എല്ലാ ഗവ.കോളേജ് പ്രിൻസിപ്പൽമാർക്കും(ഇ-മെയിൽ മുഖേന)
2) വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും